**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ കുക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ ഏതെല്ലാം തസ്തികകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്നതിനായി നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | തൈക്കാട് റസ്റ്റ് ഹൗസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സ്ഥിരനിയമനം നടത്തേണ്ട തസ്തികകൾ ഒന്നുംതന്നെ ഇല്ല. |
| (ബി) | കുക്ക് തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്ന തസ്തികയാണോ; ടി തസ്തികയിൽ അവസാനമായി സ്ഥിരനിയമനം ലഭിച്ചത് ആർക്കാണെന്നും ഏതു വർഷമാണെന്നും അറിയിക്കുമോ; | (ബി) | അല്ല;<br><br>ശ്രീ മധുസൂദനൻ നായർ എന്നയാൾ 22.08.2015 മുതൽ 14.12.2018 വരെ തിരുവനന്തപുരം തൈക്കാട് റെസ്റ്റ് ഹൗസിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുകയും 15.12.2018 മുതൽ ടിയാനെ ബട്ലർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിലേക്ക് സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം 28.09.19-ലെ ഒ.ജി.എം.3/19884/2015 തീയതിയിലെ പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എൻജിനീയറുടെ ഉത്തരവ് പ്രകാരം കുക്ക് തസ്തികയിൽ ശ്രീമതി നിഷ പി. കെ. പുതുവൽ മോടിയിൽ, നൂറ്റവൽപാറ, ചെങ്ങന്നൂർ എന്നയാളെ താൽക്കാലികമായി നിയമിക്കുകയും 179 ദിവസത്തിനുശേഷം പിരിച്ചു വിടുകയും ചെയ്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | ശ്രീമതി നിഷ പി കെ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മെമ്മോ (നം. എബി4/701/19 തീയതി 21/05/2019) പ്രകാരം കുക്ക് തസ്തികയിലെ താല്ക്കാലിക ഒഴിവിലേയ്ക്കാണ് നിയമനം എന്നറിയിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിലെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ, 28/09/2019 ലെ ശ്രീമതി നിഷ പി.കെ യ്ക്കുള്ള നിയമന ഉത്തരവിൽ സ്ഥിരനിയമനം വഴി ഉദ്യോഗാർത്ഥിയെ നിയമിക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ ജീവനക്കാർ 179 ദിവസം സേവനം പൂർത്തിയാക്കുന്ന മുറയ്ക്കോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ നിന്നും പിരിച്ച് വിടുന്നതാണ് എന്നും നിയമനം താല്ക്കാലികമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് കാറ്റഗറി (4) വരുന്ന ജീവനക്കാരെ ജില്ലാകളക്ടറുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ജില്ലയിലെ PTS ജീവനക്കാരുടെ സ്ഥാനക്കയറ്റം |

| | | | |
|---|---|---|---|
| | | | മൂലമാണ് നികത്തുന്നത്. തൈക്കാട് റസ്റ്റ് ഹൗസിലെ കുക്ക് തസ്തിക കാറ്റഗറി (4) ൽ പെടുന്നതാണ്.<br><br>ജില്ലാ കളക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും Non availability of Candidate സർട്ടിഫിക്കറ്റോ, സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല എന്ന് രേഖാമൂലം അറിയിക്കുകയോ ചെയ്യാതിരുന്നതിനാൽ താൽക്കാലിക നിയമനം നൽകാൻ മാത്രമേ നിലവിലെ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം നിർവ്വാഹമുണ്ടായിരുന്നുള്ളൂ. |
| (ഡി) | പ്രസ്തുത നിയമനത്തിൽ പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടിയാൾക്ക് സ്ഥിരം നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രീമതി നിഷ പി കെ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മെമ്മോ (നം. എബി4/701/19 തീയതി 21/05/2019) പ്രകാരം കുക്ക് തസ്തികയിലെ താല്ക്കാലിക ഒഴിവിലേയ്ക്കാണ് നിയമനം എന്നറിയിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിലെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ, 28/09/2019 ലെ ശ്രീമതി നിഷ പി.കെ യുടെ നിയമന ഉത്തരവിൽ സ്ഥിരനിയമനം വഴി ഉദ്യോഗാർത്ഥിയെ നിയമിക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ ജീവനക്കാർ 179 ദിവസം സേവനം പൂർത്തിയാക്കുന്ന മുറയ്ക്കോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ നിന്നും പിരിച്ച് വിടുന്നതാണ് എന്നും നിയമനം താല്ക്കാലികമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് കാറ്റഗറി (4) വരുന്ന ജീവനക്കാരെ ജില്ലാകളക്ടറുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ജില്ലയിലെ PTS ജീവനക്കാരുടെ സ്ഥാനക്കയറ്റം മൂലമാണ് നികത്തുന്നത്. തൈക്കാട് റസ്റ്റ് ഹൗസിലെ കുക്ക് തസ്തിക കാറ്റഗറി (4) ൽ പെടുന്നതാണ്.<br><br>ജില്ലാ കളക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും Non availability of Candidate സർട്ടിഫിക്കറ്റോ, സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല എന്ന് രേഖാമൂലം അറിയിക്കുകയോ ചെയ്യാതിരുന്നതിനാൽ താൽക്കാലിക നിയമനം നൽകാൻ മാത്രമേ നിലവിലെ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം നിർവ്വാഹമുണ്ടായിരുന്നുള്ളൂ. |
| (ഇ) | സ്ഥിരം നിയമനം എന്ന രീതിയിൽ ഫയൽ രേഖപ്പെടുത്തൽ നടത്തിയതിനാൽ ജോലി ലഭിച്ച വിവരം റിപ്പോർട്ട് ചെയ്തയുടൻ തന്നെ ശ്രീമതി നിഷ പി. കെ യുടെ എംപ്ലോയ്മെന്റ് കാർഡ് റദ്ദ് ചെയ്യപ്പെടുകയും തുടരവസരങ്ങൾ ഇല്ലാതാകുകയും ചെയ്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ | (ഇ) | സ്ഥിരം നിയമനം എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചെങ്ങന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയ്മെന്റ് ഓഫീസറുടെ കാര്യാലയത്തിലെ ഫയലിലാണ്. ആയതിനാൽ ടി വിഷയത്തിൽ നടപടി |

| | | | |
|---|---|---|---|
| | എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | | സ്വീകരിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ്.<br><br>സ്ഥിരം നിയമനം എന്ന രേഖപ്പെടുത്തൽ ചെങ്ങന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിൽ സംഭവിച്ച പിഴവാണെന്നും ടി പിഴവ് പൊതുമരാമത്ത് വകുപ്പ് അധികൃതരുടെ നിർദ്ദേശാനുസരണം തിരുത്തി ശ്രീമതി നിഷ പി. കെ - യെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രേഖകളിൽ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥിരനിയമനത്തിനായുള്ള ഒഴിവുകളിലേയ്ക്ക് ടിയാളുടെ പേര് ശിപാർശ ചെയ്തിട്ടുണ്ടെന്നും, ടിയാരിയുടെ തുടരവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല എന്നും, എംപ്ലോയ്മെന്റ് കാർഡ് റദ്ദാക്കിയിട്ടില്ല എന്നും ചെങ്ങന്നൂർ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ